പ്രാപ്തരാക്കുന്നു. ലൈംഗിക തൊഴിലാളികളിൽ നിന്ന് തെരഞ്ഞെടുക്കുന്ന പിയർ എഡ്യൂക്കേറ്റേഴ്സ് വഴിയാണ് ലൈംഗിക തൊഴിലാളികൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നത് എയ്ഡ്സിനെക്കുറിച്ചും മറ്റു ലൈംഗിക രോഗങ്ങളെ ക്കുറിച്ചും ബോധവൽക്കരണവും നടത്തുന്നുണ്ട്.

(എഫ്) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷമായി റിപ്പോർട്ട് ചെയ്തിട്ടുള്ള എയ്ഡ്സ് രോഗികളുടെ കണക്ക് ചുവടെ ചേർക്കുന്നു:

1999	..	201
2000	..	225
2001	..	259
2002	..	385
2003	..	626
	..	1696

എയ്ഡ്സ് രോഗികളെ പുനരധിവസിപ്പിക്കുന്നതിനുള്ള സംരംഭങ്ങൾ

175 [1651] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-ൽ കേരളത്തിൽ എയ്ഡ്സ് രോഗം മൂലം എത്ര പേർ മരണപ്പെട്ടി ട്ടുണ്ട്; എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) രോഗികളെ പുനഃരധിവസിപ്പിയ്ക്കുന്നതിന് എന്തെല്ലാം സംരംഭങ്ങളാണ് ആരംഭിച്ചിട്ടുള്ളത്; അവ എവിടെയെല്ലാമാണ്;

(സി) സന്നദ്ധ സംഘടനകൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം; അവ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്;

(ഡി) ഗവൺമെന്റ് തലത്തിൽ എന്തെല്ലാം ബോധവല്കരണ പരിപാടികളാണ് നടപ്പിലാക്കിയിട്ടുള്ളത്?

ഉത്തരം

(എ) 2003-ൽ കേരളത്തിൽ എയ്ഡ്സ് രോഗം മൂലം 120 പേർ മരണപ്പെട്ടിട്ടു ള്ളതായും, 626 എയ്ഡ്സ് രോഗികൾ ഉണ്ടായിരുന്നതായും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) എയ്ഡ്സ് രോഗികളെ മുഖ്യധാരയിൽ നിന്നും അകറ്റാൻ പാടില്ല എന്നതിനാൽ ഇവരെ പുനഃരധിവസിപ്പിക്കുന്നത് ദേശീയ എയ്ഡ്സ് നയങ്ങൾക്കെതിരാണ്. എന്നാൽ അത്യാസന്ന നിലയിൽ ഉള്ള എയ്ഡ്സ് രോഗികളെ പരിചരിക്കുന്നതിനായി

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂരിൽ മാർകുണ്ടുകുളം മെമ്മോറിയൽ റിസർച്ച് ആന്റ് റിഹാബിലിറ്റേഷൻ സെന്റർ, കണ്ണൂരിൽ സേവാശ്രമം എന്നീ രണ്ട് സംഘടനകൾ നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നുണ്ട്.

(സി) എയ്ഡ്സ് രോഗികളെ പുനരധിവസിപ്പിക്കുന്ന രംഗത്ത് സന്നദ്ധ സംഘടനകൾ പ്രവർത്തിക്കുന്നില്ല.

(ഡി) എയ്ഡ്സ് ബോധവല്കരണത്തിന്റെ ഭാഗമായി താഴെപറയുന്ന പരിപാടികളാണ് നടപ്പിലാക്കിയിട്ടുള്ളത്:

(1) പത്രം, ടെലിവിഷൻ, റേഡിയോ എന്നീ പൊതുജന സമ്പർക്ക മാധ്യമങ്ങളിൽക്കൂടിയുള്ള ബോധവല്കരണം.

(2) സാക്ഷരതാ മിഷനുമായി സഹകരിച്ച് നടപ്പാക്കുന്ന 'എയ്ഡ്സ് ബോധനം ഗ്രാമങ്ങളിലേക്ക്' എന്ന പരിപാടി.

(3) നെഹ്രുയുവകേന്ദ്രയുമായി ചേർന്ന് നടപ്പാക്കുന്ന 'വില്ലേജ് ടോക്ക് എയ്ഡ്സ്' എന്ന പരിപാടി.

(4) നാഷണൽ സർവ്വീസ് സ്കീമുമായി സഹകരിച്ച് കോളേജുകളിൽ നടത്തുന്ന ''യൂണിവേഴ്സിറ്റി ടോക്ക് എയ്ഡ്സ്'' എന്ന പരിപാടി.

(5) സ്ക്കൂൾ വിദ്യാർത്ഥികൾക്കായി 9, 11 എന്നീ ക്ലാസുകളിൽ നടപ്പിലാക്കിയിട്ടുള്ള കുടുംബ ജീവിത വിദ്യാഭ്യാസ പരിപാടി.

(6) ഇവ കൂടാതെ സന്നദ്ധ സംഘടനകളുമായി ചേർന്ന് ബോധവല്കരണ ക്ലാസുകളും സെമിനാറുകളും മറ്റും നടത്തിവരുന്നു. എല്ലാ വർഷവും ഡിസംബർ ഒന്നിന് ലോക എയ്ഡ്സ് ദിനത്തിൽ സംസ്ഥാന വ്യാപകമായി നിരവധി ബോധവല്ക്കരണ പരിപാടികളും റാലികളും നടത്തുന്നുണ്ട്. ലഘുലേഖകളും പോസ്റ്റുകളും മറ്റ് പഠന സഹായികളും തയ്യാറാക്കി ജില്ലകൾതോറും വിതരണം ചെയ്തു വരുന്നു.

പാൻമസാല നിരോധനം

176 [1652] ശ്രീമതി രാധാ രാഘവൻ :
,, മാലേത്ത് സരളാദേവി :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
,, വി. ബാലറാം :
,, എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാൻമസാല സംഭരിക്കുന്നതും കൈവശം വയ്ക്കുന്നതും വില്ക്കുന്നതും ഉപയോഗിക്കുന്നതും നിരോധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly